കില ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് പോളിസി ആന്റ് ലീഡർഷിപ്പ് കോളേജിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് കോഴ്സിന്റേയും മറ്റ് അനുബന്ധ സൌകര്യങ്ങളും മേൽ പരാമർശിച്ച പ്രകാരം നടപ്പിലാക്കിയിട്ടുള്ളത് എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ അറിവിലേക്കും സാധൂകരിച്ച് അംഗീകരിക്കുന്നതിനായി സമർപ്പിക്കുന്നു.

തീരുമാനം

കില ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് പോളിസി ആന്റ് ലീഡർഷിപ്പ് കോളേജിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് കില നടത്തിയിട്ടുള്ള പ്രവർത്തനങ്ങളും നടപടികളും എക്സിക്യൂട്ടീവ് കമ്മിറ്റി വിശദമായി ചർച്ച ചെയ്ത് സാധൂകരിച്ച് അംഗീകരിച്ചു

ഐറ്റം നമ്പർ – 09

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം– KILA– KIIFB project – സ്കൂളുകളുടെ ഭൗതീക വികസന പദ്ധതി നിർവ്വഹണ പ്രവർത്തികളുടെ ടെണ്ടർ – സബ് കമ്മറ്റിയുടെ അംഗീകാരം ക്രമവൽക്കരിക്കുന്നത് – സംബന്ധിച്ച്

1. 28/09/2020 ന് ചേർന്ന എക്സിക്യൂട്ടീവ് കമ്മറ്റി KILA– KIIFB project – സ്കൂളുകളുടെ ഭൗതിക വികസന പദ്ധതി നിർവ്വഹണം സംബന്ധിച്ച് വിശദമായി ചർച്ച ചെയ്യുകയും ടി പ്രവർത്തികളുടെ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള അധികാരം എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ് എന്നത് വിലയിരുത്തുകയും ഉണ്ടായി. കില – കിഫ്ബി പ്രൊജക്ടിന്റെ കീഴിൽ ഉൾപ്പെട്ടിട്ടുള്ള സ്കൂളുകളുടെ ടെണ്ടറുകൾ വിവിധ ഘട്ടങ്ങളിലായി ക്ഷണിക്കേണ്ടി വരുന്നതിനാൽ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടികളും വിവിധ ഘട്ടങ്ങളിൽ തന്നെ സ്വീകരിക്കേണ്ടി വരുന്നതാണെന്നും വിലയിരുത്തി. സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിനാൽ കാര്യക്ഷമമായ ഒരു കമ്മിറ്റിയുടെ നേതൃത്വത്തിൽ ടെണ്ടറുകളുടെ സ്വീകാര്യത പരിശോധിച്ച് അംഗീകരിക്കുവാൻ തീരുമാനിക്കുകയും ആയതിന് വേണ്ടി താഴെപ്പറയുന്നവരെ ഉൾപ്പെടുത്തി ഒരു സബ് കമ്മറ്റി രൂപീകരിക്കുവാനും തീരുമാനിച്ചു.

    (1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് അല്ലെങ്കിൽ പ്രിൻസിപ്പൽ ഡയറക്ടറുടെ പ്രതിനിധി
    (2) ഡയറക്ടർ ജനറൽ, കില
    (3) ചീഫ് മാനേജർ, കില –കിഫ്ബി PMU
    (4) ശ്രീ. എം.വി. രാജൻ, ചീഫ് എൻജിനീയർ (റിട്ട), തദ്ദേശസ്വയംഭണ വകുപ്പ്

കില – കിഫ്ബി പ്രോജക്ടിന്റെ ടെണ്ടറുകളുടെ സ്വീകാര്യത പരിശോധിച്ച് അംഗീകരിക്കേണ്ടതും ആയത് എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിച്ച് ക്രമവൽക്കരിക്കേണ്ടതും സബ്കമ്മറ്റിയുടെ ചുമതലയാണ് എന്നും തീരുമാനിച്ചു. മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കില ഡയറക്ടർ ജനറൽ സബ് കമ്മറ്റി രൂപീകരിച്ച് 29/09/2020 തീയതിയിൽ കില 2019/101/6200/HQ)നമ്പർ നടപടിക്രമം കില ഡയറക്ടർ ജനറൽ പുറപ്പെടുവിക്കുകയുണ്ടായി.

വാർഷിക അടിസ്ഥാനത്തിൽ കില കിഫ്ബി സ്കൂൾ നിർമ്മാണപ്രവർത്തിയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ ടെണ്ടർ/റീ ടെണ്ടർ/quotation ക്ഷണിച്ചുക്കൊണ്ടുള്ള പരസ്യം രണ്ട് പ്രമുഖ മലയാള ദിനപത്രങ്ങളിലും (മാതൃഭൂമി & ദേശാഭിമാനി) ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും (New Indian Express) ഒറ്റത്തവണ ആയി പ്രസിദ്ധീകരിച്ചിട്ടുണ്ട്. സമയാസമയം ടെണ്ടർ/റീ ടെണ്ടർ/quotation വിശദാംശം ടെണ്ടർ വെബ്സൈറ്റ്, കില വെബ്സൈറ്റ് & തദ്ദേശ സ്വയഭരണവകുപ്പിന്റെ വെബ്സൈറ്റ് മുതലായവയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്. പരിചയ സമ്പന്നരും കേരള പിഡബ്ല്യുഡി, ജലസേചന വകുപ്പുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കരാറുകാരിൽ നിന്നും മത്സരസ്വഭാവമുള്ള ഐറ്റം റേറ്റ് കോമ്പോസിറ്റ് ദർഘാസുകൾ (സിവിൽ & ഇലക്ട്രിക്കൽ) ആണ് ക്ഷണിച്ചിട്ടുള്ളത്.

ടെണ്ടർ പരസ്യം ചെയ്ത തീയതി	ടെണ്ടറുകളുടെ എണ്ണം	ടെണ്ടർ ഇറന്ന തീയതി	അംഗീകരിച്ച ടെണ്ടറുകളുടെ എണ്ണം	ടെണ്ടർ അംഗീകരിച്ച തീയതി
CM/KILA-KIIFB PMU/Tender/23/2022-23 dated 30.09.2023	20	17.10.2023	18	30.10.2023
CM/KILA-KIIFB PMU/Tender/22/2022-23 dated 18.09.2023 & CM/KILA-KIIFB PMU/Tender/21/2022-23 dated 23.08.2023	9	03.10.2023	10	09.10.2023
CM/KILA-KIIFB PMU/Tender/21/2022-23 dated 23.08.2023	27	12.09.2023	17	18.09.2023
CM/KILA-KIIFB PMU/Tender/20/2022-23 dated 24.07.2023	27	08.08.2023	24	17.08.2023
CM/KILA-KIIFB PMU/Tender/19/2022-23 dated 24.06.2023	13	07.07.2023	24	13.07.2023
CM/KILA-KIIFB PMU/Tender/18/2022-23 dated 12.06.2023	26	24.06.2023		

മേൽനടപടികളുടെ അടിസ്ഥാനത്തിൽ ലഭ്യമായ ഇ-ടെണ്ടറുകളിൽ എല്ലാ റെക്കോഡുകളും പരിശോധിക്കുന്നതിനായി സബ്കമ്മറ്റി താഴെപ്പറയുന്ന തീയതികളിൽ ചേരുകയും ആയതിന്റെ മിനിട്സ് ഉള്ളടക്കം ചെയ്തിട്ടുണ്ട്.

Date of Minutes	Remarks
30.10.2023	അനുബന്ധം – (2)
09.10.2023	അനുബന്ധം – (3)
18.09.2023	അനുബന്ധം – (4)
17.08.2023	അനുബന്ധം – (5)
13.07.2023	അനുബന്ധം – (6)

സബ്കമ്മറ്റി മിനിറ്റ്സിലെ പ്രസക്ത ഭാഗങ്ങൾ ചുവടെച്ചേർക്കുന്നു.

ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്തതും എല്ലാ പ്രമാണങ്ങളും ഉൾക്കൊള്ളിച്ചിട്ടുള്ളതും, സാധുവായതുമായ എല്ലാ ദർഘാസുകളും അംഗീകരിക്കുന്നതിനും സാധുവായ ടെൻഡറുകൾ ലഭ്യമല്ലാത്തതും സിംഗിൾ ടെൻഡറുകൾ ലഭ്യമായതുമായ പ്രവർത്തികളുടെ ടെൻഡർ നിരസിച്ച് റീടെൻഡർ ചെയ്യുന്നതിനും കമ്മിറ്റി തീരുമാനിച്ചു.

മേൽ ടെൻഡറുകളിൽ കമ്മിറ്റി അംഗീകരിച്ച ഏറ്റവും കുറവ് തുകയ്ക്കുള്ള ടെൻഡറുകൾക്ക് കിഫ്ബിയിൽ നിന്നും ആവശ്യമായ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് കരാറിലേർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും കമ്മിറ്റി തീരുമാനിച്ചു.

ഈ കാര്യാലയത്തിൽ നിന്നും പ്രവൃത്തികളുടെ tender ചെയ്യുമ്പോൾ single bid ലഭ്യമാവുന്നതും പ്രതികരണം ലഭ്യമല്ലാത്തതുമായ പ്രവൃത്തികൾക്ക് തുടർന്ന് നടത്തുന്ന ടെൻഡറുകളോടൊപ്പം re-tender ചെയ്യുന്നതിന് തടസ്സമില്ലായെന്നും, ഇപ്രകാരം re-tender ചെയ്യുന്നതിന് പ്രത്യേക കമ്മിറ്റി തീരുമാനം ആവശ്യമില്ലായെന്നും re-tender നുള്ള കാലതാമസം ഒഴിവാക്കുന്നതിനായി ഇത് ഒരു പൊതു തീരുമാനമായി കണക്കാക്കാവുന്നതാണെന്നും Tender Acceptance Committee ഏകകണ്ഠമായി തീരുമാനിച്ചു.

Tender Excess യാതൊരു കാരണവശാലും അനുവദിക്കുകയില്ല എന്ന കിഫ്ബിയുടെ നിലവിലെ നിർദേശപ്രകാരം Estimate Rate നേക്കാൾ ഉയർന്ന നിരക്കുകൾ L1 ആയി കമ്മിറ്റി അംഗീകരിച്ചിട്ടുള്ള bid കൾ കരാറുകാരുമായി Estimate Rate ലേക്ക് negotiation പ്രകാരം കുറവ് ചെയ്തു അംഗീകരിക്കുവാനോ അല്ലെങ്കിൽ കിഫ്ബിയുടെ നിർദേശപ്രകാരം Estimate PAC യ്ക്കുള്ളിൽ Agreement തുക വരത്തക്ക വിധത്തിൽ estimate പുതുക്കി കരാറിലേർപ്പെടുന്നതിനും കമ്മിറ്റി KILA PMU ചീഫ് മാനേജരെ ചുമതലപ്പെടുത്തി

ലഭ്യമായ ടെണ്ടറുകളിൽ Uralungal Labour Contract Co-operative society (ULCCS) ക്വാട്ട് ചെയ്തിട്ടുണ്ട്. Labour Contract Co-operative societyകൾക്ക് അവർ പങ്കെടുക്കുന്ന ടെണ്ടറുകളിൽ 13.11.1997 ലെ GO(MS)No. 135/97/co-op പ്രകാരം individual bidder ക്വാട്ട് ചെയ്തിട്ടുള്ള നിരക്കുകളുടെ 10% തുക price preference അനുവദിക്കുന്ന ഉത്തരവിന്റെയും, ആയതിന്റെ അടിസ്ഥാനത്തിലുള്ള എല്ലാ Labour Contract Co-operative society കൾക്ക് അനുവദിച്ചിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും Uralungal Labour Contract Co-operative society പങ്കെടുക്കുന്ന ടെണ്ടറുകൾക്കും തുക പരിധിയില്ലാതെ അനുവദിച്ചു നല്കാമെന്നുള്ള 02.08.2008 ലെ GO(MS)No 181/08/Co-op നമ്പർ സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ price preference ഉൾപ്പെടെയുള്ള Labour Contract Co-operative society കൾക്ക് അനുവദിച്ചിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും ULCCS നല്കിയിട്ടുള്ള bid കൾക്ക് ബാധകമാക്കി അനുവദിക്കുന്നതിനും കമ്മിറ്റി

തീരുമാനിച്ചു. PRICE – 3 യിൽ bid document കൾ upload ചെയ്യുമ്പോൾ ULCCS ന് Labour Contract Co-operative Society കളുടെ പട്ടികയിൽ ഉൾപ്പെടുത്തി bid comparison ULCCS bid individual Bidder 10% price preference അംഗീകരിച്ചു വരുന്ന പ്രവൃത്തികളുടെ bid കൾ ULCCS L1 അല്ലാത്ത സാഹചര്യത്തിലും അവർക്ക് അനുവദിച്ചു നല്കണമെന്നും കമ്മിറ്റി തീരുമാനിച്ചു

സബ് കമ്മറ്റിയുടെ മിനിറ്റ്സുകൾ അനുബന്ധം (2) മുതൽ (6) കില എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

തീരുമാനം

സ്കൂളുകളുടെ ഭൗതിക വികസന പദ്ധതി നിർവ്വഹണ പ്രവർത്തികളുമായി ബന്ധപ്പെട്ട് 30.10.2023, 09.10.2023, 18.09.2023, 17.08.2023, 13.07.2023 തിയതികളിൽ കൂടിയ സബ് കമ്മിറ്റിയുടെ തീരുമാനങ്ങൾ വിശദമായി ചർച്ച ചെയ്തു അംഗീകരിക്കുകയും സബ് കമ്മറ്റിയുടെ അംഗീകാരം ക്രമവൽക്കരിക്കുന്നതിനും എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു

ഐറ്റം നമ്പർ – 10

കില കിഫ്ബി – പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം–പദ്ധതി നിർവ്വഹണം സംബന്ധിച്ച റിപ്പോർട്ട്

1. <u>ഒരു കോടിയിലെ സ്കൂൾ പദ്ധതികളുടെ നിർമ്മാണം സംബന്ധിച്ച്</u>

446 സ്കൂളുകളിൽ 389 സ്കൂളുകളുടെ DPR ന് കിഫ്ബി അംഗീകാരം ലഭ്യമായിട്ടുണ്ട്. തുടർന്ന് 'സാങ്കേതികാനുമതി സമിതികൾ' 320 സ്കൂളുകള്ക്ക് സാങ്കേതികാനുമതി ലഭിക്കകയുണ്ടായി. തുടർന്ന് 290 സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി ഇ–ടെണ്ടറുകൾ ക്ഷണിച്ചതിൽ 260 സ്കൂളുകളുടെ നിർമ്മാണത്തിനായുള്ള കരാറിൽ ഒപ്പുവെച്ചു. ആയതിൽ 235 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ടി പദ്ധതിയിൽ നാളിതുവരെ 153 സ്കൂൾ പദ്ധതികളുടെ പ്രവൃത്തി പൂർത്തീകരിച്ച് കഴിഞ്ഞു. ടി സ്കൂളുകൾ ബഹു: സർക്കാർ ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്.

Sl No	District	Total Number of Works	Not Feasible	DPR Approval Pending	DPR Approved by KIIFB	TS Approved	Tendered	Agreement Executed	Work Started	Works Completed
1	Trivandrum	55	0	3	52	36	34	22	15	8
2	Kollam	31	2	4	25	18	13	11	10	3
3	Alappuzha	24	1	3	20	14	11	8	5	2
4	Pathanathitta	3	0	0	3	2	2	2	1	1
5	Kottayam	9	0	0	9	8	7	7	5	0
6	Ernakulam	25	2	3	20	16	11	10	8	4
7	Idukki	12	0	0	12	10	9	9	8	2
8	Thrissur	32	0	0	29	21	20	20	20	14
9	Pallakkad	36	0	0	36	34	31	26	25	22
10	Mallapuram	65	12	0	50	44	41	39	37	33
11	Kozhikode	31	3	2	25	20	20	20	18	13
12	Kannur	30	0	0	30	24	24	20	20	11
13	Wayyanad	40	2	8	30	30	30	29	27	24
14	Kasargode	53	3	2	48	43	37	37	36	16
		446	**25**	**25**	**389**	**320**	**290**	**260**	**235**	**153**

2. മൂന്ന് കോടിയിലെ സ്കൂൾ പദ്ധതികളുടെ നിർമ്മാണം സംബന്ധിച്ച്

13/05/2022 -ലെ നം. GO) Rt) No. 2960/2022/GEDN നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 200 സ്കൂളുകളിൽ 163 സ്കൂളുകളുടെ DPR ന് കിഫ്ബി അംഗീകാരം ലഭ്യമായിട്ടുണ്ട്. തുടർന്ന് 'സാങ്കേതികാനുമതി സമിതികൾ' 122 സ്കൂളുകള്ക്ക് സാങ്കേതികാനുമതി ലഭിക്കുകയുണ്ടായി. തുടർന്ന് 85 സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി ഇ-ടെണ്ടറുകൾ ക്ഷണിച്ചതിൽ 61 സ്കൂളുകളുടെ നിർമ്മാണത്തിനായുള്ള കരാറിൽ ഒപ്പുവെച്ചു. ആയതിൽ 36 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

SPV - KILA - STATUS OF 200 SCHOOLS UNDER 3cr category

#	DISTRICT	Total No. works	Not Feasible	DPR Approved by KIIFB	TS issued	Tendered	Agreement executed	Work Started	Works Completed
1	Thiruvananthapuram	19	2	16	16	11	9	3	0
2	Kollam	17	1	15	11	7	3	1	0
3	Pathanamthitta	1	0	0	0	0	0	0	0
4	Alappuzha	5	0	3	3	2	1	0	0
5	Kottayam	1	0	1	1	1	1	0	0
6	Ernakulam	2	0	0	0	0	0	0	0
7	Idukki	3	0	1	0	0	0	0	0
8	Thrissur	5	0	3	3	3	3	2	0
9	Palakkad	31	1	25	22	14	11	10	0
10	Malappuram	50	2	48	33	24	16	10	0
11	Kozhikkode	22	4	15	8	7	3	2	0
12	Wayanad	4	0	3	1	0	0	0	0
13	Kannur	24	1	19	14	8	7	4	0
14	Kasaragod	16	1	14	10	8	7	4	0
	TOTAL	200	12	163	122	85	61	36	

മേൽ പ്രവർത്തനങ്ങൾ എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

3. **കില – കിഫ്ബി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്**

കില പ്രൊജക്ട് മാനേജ്മന്റ് യൂണിറ്റിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ റീജിണൽ മാനേജർ (ടെക്നിക്കൽ) തസ്തികയിൽ പ്രവർത്തിച്ചുവരുന്ന Smt. Mitha V Dharan ന്റെ സേവന കാലാവധി 12.07.2023 തീയതിയിൽ അവസാനിക്കുന്നതുമായി ബന്ധപ്പെട്ട് ടിയാരിയുടെ അപേക്ഷ പരിഗണിച്ച് 25-08-2023 ലെ സ.ഉ.(സാധാ) 1734/2023/LSGD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു വർഷത്തേക്ക് കൂടി ഡെപ്യൂട്ടേഷൻ കാലാവധി ദീർഘിപ്പിച്ചു നൽകികൊണ്ട് ഉത്തരവായിട്ടുണ്ട്

കില പ്രൊജക്ട് മാനേജ്മന്റ് യൂണിറ്റിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ റീജിണൽ മാനേജർ (ടെക്നിക്കൽ) തസ്തികയിൽ പ്രവർത്തിച്ചുവരുന്ന Sri. Abdul Saleem M ന്റെ സേവന കാലാവധി 21.07.2023 തീയതിയിൽ അവസാനിക്കുന്നതുമായി ബന്ധപ്പെട്ട് ടിയാന്റെ അപേക്ഷ പരിഗണിച്ച് 20–09–2023 തീയതിയിലെ സ.ഉ.(സാധാ) 1858/2023/LSGD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു വർഷത്തേക്ക് കൂടി ഡെപ്യൂട്ടേഷൻ കാലാവധി ദീർഘിപ്പിച്ചു നൽകികൊണ്ട് ഉത്തരവായിട്ടുണ്ട്

മേൽ ഉത്തരവുകൾ എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ അറിവിലേക്കായി സമർപ്പിക്കുന്നു.

4. ഒരു കോടി, മൂന്ന് കോടി വിഭാഗത്തിൽ ഉൾപ്പെടുന്ന പ്രവർത്തികളുടെ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിനായി റീജിയൺ / ജില്ലാ അടിസ്ഥാനത്തിൽ കൺസൾട്ടൻസി അടിസ്ഥാനത്തിൽ നിയമിച്ചിരുന്ന ജീവനക്കാർ വിടുതൽ ചെയ്ത് ഒഴിവിലേക്ക് പുതിയ ജീവനക്കാരെ കില പി.എം.യു തയ്യാറാക്കിയിട്ടുള്ള റാങ്ക് ലിസ്റ്റിൽ നിന്നും ചുവടെച്ചേർത്തിരിക്കുന്ന പ്രകാരം നിയോഗിച്ചിട്ടുള്ളതാണ്.

Sl No	Name	Designation	Region / District
1	Sri. Anand Krishnan K	Engineering Consultant (Civil)	Ernakulam
2	Smt. Jinsha Johny	Engineering Consultant (Civil)	Kollam
3	Smt. Sharanya V S	Engineering Consultant - Structural	Head Office, Tvm
4	Smt. Dhanya S	Engineering Consultant - Structural	Head Office, Tvm

5. കില കിഫ്ബി പദ്ധതിയുമായി ബന്ധപ്പെട്ട് തിരുവനന്തപുരം & കോഴിക്കോട് ജില്ലകളിലെ Project Engineering Interns ന്റെ നിലവിലെ ഒഴിവിലേക്ക് കൺസൾട്ടൻസി അടിസ്ഥാനത്തിൽ താഴെ സൂചിപ്പിക്കുന്ന ഉദ്യോഗാർത്ഥികളെ ASAP നിന്നും ലഭ്യമാക്കിയ ലിസ്റ്റിൽ നിന്നും നിയോഗിച്ചിട്ടുണ്ട്

Sl No	Name	Designation	Region / District
1	Smt. Hridya D Nambiar	Engineering Intern	Thiruvananthapuram
2	Smt. Ramsiya P.P	Engineering Intern	Kozhikkode

6. സ്കൂൾ നിർമ്മാണ പ്രവർത്തികളുടെ പുരോഗതിയുമായി ബന്ധപ്പെട്ട് ഒരു കോടി പ്രവൃത്തികൾക്ക് പുറമെ മൂന്ന് കോടി പ്രവൃത്തികൾ പി.എം.യു ഏറ്റെടുത്തശേഷം സപ്പോർട്ടിങ് സ്റ്റാഫിന്റെ ജോലിഭാരം കൂടിയതിനാൽ ചീഫ് മാനേജരുടെ നിർദ്ദേശപ്രകാരം Smt. Sreevidya MR നെ കൺസൾട്ടൻസി അടിസ്ഥാനത്തിൽ സപ്പോർട്ടിംഗ് സ്റ്റാഫ് ആയി ഡയറക്ടർ ജനറലിന്റെ നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ 21,000/- രൂപ സേവന വേതന വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്

7. കില പ്രൊജക്റ്റ് മാനേജ്മന്റ് യൂണിറ്റിൽ പാർട്ട് ടൈം ഓഫീസ് അറ്റൻഡർ ആയി 5,000/- രൂപ സേവന വേതന വ്യവസ്ഥയിൽ പ്രവർത്തിച്ചുവരുന്ന Sri. Sivakumar S ന്റെ നിലവിലെ അധിക ജോലി ഭാരം കണക്കിലെടുത്ത് 01.06.2023 തീയതി മുതൽ ഡയറക്ടർ ജനറലിന്റെ നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ വേതനം 8,000/- ആയി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്

കില –കിഫ്ബി പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിന്റെ കാര്യക്ഷമമായ നടത്തിപ്പുമായി ബന്ധപ്പെട്ട് എടുത്ത മേൽ നടപടികൾ എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ അറിവിലേക്കും അംഗീകാരത്തിനായും സമർപ്പിക്കുന്നു.

തീരുമാനം

തീരുമാനം

കില – കിഫ്ബി സ്കൂൾ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച പ്രവർത്തനങ്ങളും നടപടികളും എക്സിക്യൂട്ടീവ് കമ്മറ്റി സാധൂകരിച്ച് അംഗീകരിച്ചു. സ്കൂളുകളുടെ നിർമ്മാണ പ്രവർത്തികൾ ത്വരിതപ്പെടുത്തുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി നിർദ്ദേശിച്ചു.

ഐറ്റം നമ്പർ – 11

കിലയിൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയുടെ ശമ്പള സ്കെയിൽ ഏകീകരിച്ച് അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച്

കിലയിലെ ആദ്യകാല ബൈലോ പ്രകാരം ക്ലറിക്കൽ തസ്തികയുടെ വിദ്യാഭ്യാസ യോഗ്യത ബിരുദവും കമ്പ്യൂട്ടർ പരിജ്ഞാനവും ആണ്. ഇന്റഗ്രേഷനെ തുടർന്ന് കിലയിലെ ക്ലറിക്കൽ തസ്തിക എന്നത് 06/01/2020 ലെ സർക്കാർ ഉത്തരവ് പ്രകാരം അസിസ്റ്റന്റ് ഗ്രേഡ് തസ്തിക എന്ന് പുനർനാമകരണം ചെയ്തിട്ടുള്ളതാണ്. സർക്കാർ വകുപ്പുകളിലെ പത്താം ക്ലാസ് വിദ്യാഭ്യാസം മാത്രം നിശ്ചയിച്ചിട്ടുള്ള LD ക്ലർക്കിന്റെ ശമ്പള നിരക്കായ 19000–43600 ആണ് കിലയിലെ ക്ലറിക്കൽ/അസിസ്റ്റന്റ് ഗ്രേഡ് തസ്തികക്ക് അനുവദിച്ചിട്ടുള്ളത്.

ബിരുദം അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള സംസ്ഥാനത്തെ വിവിധ സർക്കാർ സ്ഥാപനങ്ങളിലെ സമാന തസ്തികകളിലെ ശമ്പള നിരക്ക് വളരെ ഉയർന്നതാണ്. സംസ്ഥാനത്തെ മറ്റൊരു പരിശീലന സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (IMG)–യിലെ അസിസ്റ്റന്റ് ഗ്രേഡിന്റെ യോഗ്യത ബിരുദവും ശമ്പള സ്കെയിൽ 22200–48000 ആണ് അനുവദിച്ചിട്ടുള്ളത്. അസിസ്റ്റന്റ് ഗ്രേഡിന്റെ ജോലിയും ഉത്തരവാദിത്വങ്ങളും, ചുമതലകളും സർക്കാർ സർവ്വീസിലെ LDC യേക്കാൾ വ്യത്യസ്തവും അധിക ചുമതലകൾ നിർവ്വഹിക്കേണ്ടതുമുണ്ട്. പരിശീലന സ്ഥാപനമായ ഐ.എം.ജി–യിലെ അസിസ്റ്റന്റ് ഗ്രേഡ് തസ്തികയുടെ ചുമതലകളും ജോലിയുടെ സ്വഭാവവും കിലയുടെ അസിസ്റ്റന്റ് ഗ്രേഡ് തസ്തികയുടേതിന് സമാനമാണ് എന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു

വിവിധ സർക്കാർ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് ഗ്രേഡിന് നിഷ്കർഷിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യതയും ശമ്പള സ്കെയിലും ഉൾപ്പെടുത്തിയുള്ള ഒരു താരതമ്യ പട്ടിക താഴെ ചേർക്കുന്നു.

NAME OF INSTITUTION	QUALIFICATION	ADDITIONAL QUALIFICATION FOR DECLARATION OF PROBATION	SCALE OF PAY (AS PER 10TH PAY REVISION)
LDC in State Govt Service	SSLC or any other equivalent qualification	Manual of Office Procedure	19000-43600
Assistant Grade II in KILA	**Essential:** Degree in any discipline from recognized University **Desirable:** Skills in computer Proficiency and familiar with office software in order to perform the job	1) Manual of Office Procedure conducted by PSC 2) Account Test (Lower) conducted by PSC	19000-43600
Assistant Grade II in IMG	Graduation in Arts, Science or Commerce from any recognised University or Equivalent qualification	Office procedure and service rules conducted by IMG	22200-48000
Assistant/Auditor in Government Secretariat/Kerala Public Service Commission/ Advocate General's Office (Ernakulam)/ etc	A Degree in any faculty from a recognised University or its equivalent	Secretariat Office Manual and Account Test (Lower) conducted by PSC	27800-59400
Assistant Grade II in KSHB	Must possess B.A./ B.Sc/ B.Com or its equivalent Degree from a UGC recognized university	Manual of Office Procedure conducted by PSC	22200-48000
Assistant in University	A Degree in any faculty from a recognised University or its equivalent	Secretariat Office Manual and Account Test (Lower) conducted by PSC	27800-59400

നിലവിൽ കിലയിൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ ജോലി ചെയ്യുവരുന്നവരുടെ പേരും വിദ്യാഭ്യാസ യോഗ്യതയും താഴെ ചേർക്കുന്നു

SL No	Name of Employee	Name of Post	Qualification	Present Basic Pay (10th Pay Revision)
1	Smt. RAJANI M N	Assistant Grade II	M.Com, HDC, Tally, Office Automation	19000-43600
2	Smt. Bindu V K	Assistant Grade II	MA Economics B.Ed, PGDCA	19000-43600
3	Sri. Viju V	Assistant Grade II	B.Sc, MCA	19000-43600
4	Smt. Sooriyaja M.S	Assistant Grade II	M.Com	20000-45800
5	Smt. Shameena M	Assistant Grade II	M.com	19000-43600

കിലയിലെ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയുടെ അടിസ്ഥാന ശമ്പള സ്കെയിൽ സംസ്ഥാന സർക്കാരിന് കീഴിലുള്ള സമാന പരിശീലന സ്ഥാപനമായ ഐ.എം.ജി-യിലെ അസിസ്റ്റന്റ് ഗ്രേഡ് തസ്തികക്ക് നിശ്ചയിച്ചിട്ടുള്ള 22200-48000 എന്ന ശമ്പള നിരക്കിലേക്ക് ഉയർത്തുന്നതിനായി ജീവനക്കാർ അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്. (അനുബന്ധം - 7)

കിലയിൽ ഓരോ വർഷവും പരിശീലനങ്ങളുടെ എണ്ണവും പരിശീലനാർത്ഥികളുടെ എണ്ണവും ക്രമാതീതമായി വർദ്ധിച്ചുവരികയാണ്. വിദേശ രാജ്യങ്ങളിൽ നിന്നും സംസ്ഥാനത്തിന് പുറത്തുനിന്നും ധാരാളം പരിശീലനാർത്ഥികൾ കിലയിലെത്തിച്ചേരുന്നുണ്ട്. പരിശീലനങ്ങൾ കാര്യക്ഷമതയോടുകൂടി നടത്തുന്നതിനും അതോടൊപ്പം ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായ രീതിയിൽ നടത്തുന്നതിനും ടി ജീവനക്കാർ വലിയൊരു ഉത്തരവാദിത്തം നിർവ്വഹിക്കുന്നുണ്ട്. കില Self-Financing Mode ലാണ് പ്രവർത്തിക്കുന്നത് എന്നതിനാൽ ജീവനക്കാർക്ക് കിലയിൽ നിന്നാണ് ശമ്പളം നൽകുന്നത്. അതുകൊണ്ട് തന്നെ അസിസ്റ്റന്റ് ഗ്രേഡ് II ജീവനക്കാരുടെ ശമ്പള നിരക്ക് വർദ്ധനവ് കൊണ്ട് സർക്കാരിന് യാതൊരു സാമ്പത്തിക ബാധ്യതയും ഉണ്ടാകുന്നില്ല എന്ന വിവരം സാക്ഷ്യപ്പെടുത്തുന്നു.

മേൽ പ്രതിപാദിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ കിലയിലെ അസിസ്റ്റന്റ് ഗ്രേഡ് II ജീവനക്കാരുടെ ശമ്പള നിരക്ക് പരിശീലന സ്ഥാപനമായ ഐ.എം.ജി-യിലെ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയുടെ ശമ്പള നിരക്കായ 22200-48000 എന്നതിലേക്ക് ഉയർത്തുന്നതിനായി ജീവനക്കാർ സമർപ്പിച്ച അപേക്ഷ കില എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുന്നു.

തീരുമാനം

കിലയിൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയുടെ ശമ്പള സ്കെയിൽ ഏകീകരിച്ച് അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച് എക്സിക്യൂട്ടീവ് കമ്മറ്റി വിശദമായി ചർച്ച ചെയ്തു. ടി വിഷയം എക്സിക്യൂട്ടീവ് കമ്മറ്റിയുടെ ശുപാർശയോടെ തീരുമാനത്തിനായി ഗവേണിംഗ് കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നതിന് തീരുമാനിച്ചു. തുടർനടപടികൾ സ്വീകരിക്കുന്നതിലേക്ക് കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി.

ഐറ്റം നമ്പർ – 12

കിലയിലെ സെക്യൂരിറ്റി സർവ്വീസ് - സംബന്ധിച്ച്

06/07/2023 തിയ്യതിയിലെ കില എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം Item No.18 പ്രകാരം കില ഹെഡ് ക്വാർട്ടേഴ്സിലെ നിലവിലുള്ള സെക്യൂരിറ്റി സർവീസിന് പകരമായി "സൈനിക ക്ഷേമ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന KEXCON നെ ഏൽപിക്കുന്നതിനായി കില എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചിരുന്നു . ആയത് നടപ്പിലാക്കുന്നത് വരെ നിലവിലുള്ള സംവിധാനം തുടരുന്നതിനും, തുടർനടപടി കൈക്കൊള്ളുന്നതിനും കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്.

ആയതുപ്രകാരമുള്ള തുടർ നടപടികളുടെ ഭാഗമായി KEXCON ൽ നിന്നും സായുധരല്ലാത്ത സെക്യൂരിറ്റി ജീവനക്കാരുടെ സേവനം കിലയിൽ ലഭ്യമാക്കുന്നതിനായുള്ള 20/09/2023 തിയ്യതിയിലെ പ്രൊപ്പോസൽ KEXCON ൽ നിന്നും കിലയിൽ ലഭ്യമായിട്ടുണ്ട്. KEXCON ൽ നിന്നും ലഭ്യമായ പ്രൊപ്പോസൽ പ്രകാരം നൽകേണ്ട തുകയുടെ വിശദാംശങ്ങൾ ചുവടെച്ചേർക്കുന്നു.

ITEM	EXISTING SECURITY SERVICE – M/s All Kerala Exservicemen Charitable Trust	M/s KEXCON
BASIC		Rs. 21175
EPF CONTRIBUTION (13%) (INCLUDING .5% EDU .5% ADMIN CHARGE)		Rs. 1950
SERVICE CHARGE 5%		Rs. 1058.75
TOTAL		Rs.24183.75
GST 18 %		Rs.4353.08
G Total		Rs.28537
PER HEAD COST/ per day	Rs.600 /- (Including all charges)	Rs.951 /-
No. of persons deployed in one day	13 nos	13 nos
Average days	30	30
Monthly Contract Amount	234000	370890
Excess Amount		136890

NB: PER HEAD COST" for "KEXCON" is higher by Rs. 351 /- compared to the existing security service per head cost.

മേൽ വിഷയം കില എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ തുടർനിർദ്ദേശത്തിനായി സമർപ്പിക്കുന്നു.

തീരുമാനം
സർക്കാർ ഉത്തരവ് പ്രകാരം സൈനിക ക്ഷേമ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന KEXCON സമർപ്പിച്ച പ്രൊപ്പോസൽ അംഗീകരിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചു. തുടർനടപടികൾ സ്വീകരിക്കുന്നത് ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി

ഐറ്റം നമ്പർ – 13

ധനകാര്യ പരിശോധനാവിഭാഗം കിലയിൽ നടത്തിയ പരിശോധനാ റിപ്പോർട്ട് - തുടർനടപടികൾ സംബന്ധിച്ച്

സർക്കാർ ഉത്തരവ് സ.ഉ(സാധാ)നം.402/2007/തസ്വഭവ തീയതി 07.02.2007 പ്രകാരം കില ജീവനക്കാർക്ക് പ്രൊമോഷൻ അനുവദിച്ചിരുന്നു . എന്നാൽ ആയതു നടപ്പാക്കത്തതിനെ തുടർന്ന് കില ജീവനക്കാർ ബഹു : ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും 20.11.2014 ലെ W P C No. 25072/2010 കേസിന്റെ വിധി പ്രകാരം മുൻകാല പ്രാബല്യത്തോടെ 2015 ൽ ഉത്തരവ് നടപ്പാക്കുകയും ചെയ്തു.. ആയതു നടപ്പാക്കിയതിനനുസൃതമായി ജീവനക്കാർക്ക് ശമ്പളകുടിശ്ശിക ലഭിക്കുകയും ചെയ്തു

2016 ഒക്ടോബറിൽ ധനകാര്യവകുപ്പ് പരിശോധനാ വിഭാഗം കിലയിൽ നടത്തിയ പരിശോധന റിപ്പോർട്ട് പ്രകാരം ജീവനക്കാർക്ക് മുൻകാല പ്രാബല്യത്തോടെ ഉദ്യോഗസ്ഥക്കയറ്റം നൽകിയത് വഴി ജീവനക്കാർക്ക് നൽകിയ 16,34,173/- രൂപ ടി ജീവനക്കാരിൽ നിന്ന് തിരിച്ച് പിടിക്കാനും പ്രസ്തുത തുക ജീവനക്കാർ തിരിച്ച് അടയ്ക്കാത്ത പക്ഷം ആയത് മുൻ കില ഡയറക്ടർ ആയിരുന്ന ഡോ.പി.പി.ബാലന്റെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കി ടിയാനിൽ നിന്ന് തിരിച്ച് പിടിക്കേണ്ടതാണ് എന്നാണ് രേഖപെടുത്തിയിട്ടുള്ളത്.

ധനകാര്യവകുപ്പിന്റെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട 9 ജീവനക്കാർക്കും പ്രസ്തുത തുക തിരികെ അടയ്ക്കണമെന്ന് നോട്ടീസ് നൽകിയിട്ടുണ്ടായിരുന്നു. എന്നാൽ 7/2/2007 ൽ സർക്കാർ ഉത്തരവ് യഥാസമയം നടപ്പാക്കാത്തതിനെ തുടർന്ന് 20.11.2014 ലെ W P C No. 25072/2010 ജീവനക്കാർ നൽകിയ കേസിന്റെ വിധിയുടെ അടിസ്ഥാനത്തിൽ 8 വർഷത്തിനു ശേഷം മാത്രമാണ് ടി ഉത്തരവ് നടപ്പാക്കിയത് എന്നും ജീവനക്കാർക്ക് നിയമാനുസൃതം ലഭിക്കേണ്ട തുക മാത്രമാണ് ലഭിച്ചിട്ടുള്ളത് എന്നുമാണ് മറുപടിയിൽ പരാമർശിച്ചിട്ടുള്ളത് . ആയതിനാൽ തുക ഒന്നും തിരിച്ചടക്കാനില്ല എന്നുമാണ് ജീവനക്കാരുടെ മറുപടിയിൽ രേഖപ്പെടുത്തിയിട്ടുള്ളത് . ഇത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് യഥാസമയം സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്.

ധനകാര്യ പരിശോധനാവിഭാഗത്തിന്റെ റിപ്പോർട്ടിന്റെ നടപടി വിവരം സംബന്ധിച്ച് നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യണമെന്നുള്ള അറിയിപ്പ് ഇപ്പോൾ സർക്കാരിൽ നിന്ന് ലഭിച്ചിരിക്കുകയാണ്. കില Self-Financing Mode – ലാണ് പ്രവർത്തിക്കുന്നത് എന്നതിനാൽ തന്നെ കില ജീവനക്കാർക്കുള്ള വേതനവും അനുബന്ധാനുകൂല്യങ്ങളും അനുവദിച്ച് നൽകുന്നതിൽ സർക്കാരിന് യാതൊരു സാമ്പത്തിക ബാധ്യതയും സൃഷ്ടിക്കുന്നില്ല.

ബഹു.ഹൈക്കോടതി വിധി നടപ്പാക്കുകയും ജീവനക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ അനുവദിച്ചു നൽകുകയാണ് ചെയ്തിട്ടുള്ളത് എന്നത് എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ അറിയിക്കുന്നു. **(അനുബന്ധം – 8)**

ഈ സാഹചര്യത്തിൽ ബഹു. ഹൈക്കോടതി വിധി നടപ്പിലാക്കുകയും ജീവനക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ കില ജീവനക്കാർക്ക് അനുവദിച്ച് നൽകിയ മുൻ കില ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നതിലേക്കായി കില എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നു.

തീരുമാനം

ധനകാര്യ പരിശോധനാവിഭാഗം കിലയിൽ നടത്തിയ പരിശോധനാ റിപ്പോർട്ടിന്റെ വിശദാംശം എക്സിക്യൂട്ടീവ് കമ്മിറ്റി വിശദമായി ചർച്ച ചെയ്തു. ജീവനക്കാരുടെ മറുപടി ഉൾക്കൊള്ളിച്ചുകൊണ്ട് വിശദമായ മറുപടി സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി നിർദ്ദേശിച്ച തുടർനടപടികൾ കൈക്കൊള്ളുന്നത് കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മിറ്റി ചുമതലപ്പെടുത്തി.

ഐറ്റം നമ്പർ – 14

ശ്രീ. സാജൻ പീറ്റർ, ലൈബ്രറി അറ്റൻഡന്റ് അച്ചടക്ക നടപടിയുടെ ഭാഗമായി രണ്ട് വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെ തടഞ്ഞുകൊണ്ടുള്ള ഡയറക്ടർ ജനറലിന്റെ നടപടി റദ്ദാക്കി ഇൻക്രിമെന്റ് പുനഃസ്ഥാപിച്ചു നൽകണമെന്ന അപേക്ഷ സംബന്ധിച്ച്

കിലയിലെ ലൈബ്രറി അറ്റന്റന്റ് ആയ ശ്രീ സാജൻ പീറ്റർ ലൈബ്രററിയിൽ ജോലിയിൽ വീഴ്ച വരുത്തിയതിന്റെയും ടിയാന്റെ മറ്റ് പ്രവർത്തികളുടേയും അടിസ്ഥാനത്തിൽ ടിയാന് കേരള സിവിൽ സർവീസ് (തരംതിരിവും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 അനുസരിച്ച് 28/07/2021 തീയതിയിൽ കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി സ്വീകരിച്ചതിനെത്തുടർന്ന് ടിയാന്റെ ശമ്പളത്തിൽ നിന്നും രണ്ട് വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെ തടയുകയുണ്ടായി.

തുടർന്ന് ശിക്ഷ ഒഴിവാക്കണമെന്ന് അപേക്ഷിച്ച്കൊണ്ട് ശ്രീ സാജൻ പീറ്റർ സർക്കാരിലേക്ക് അപ്പീൽ സമർപ്പിച്ചെങ്കിലും ഡയറക്ടർ ജനറലിന്റെ നടപടി ശരിവെച്ചുക്കൊണ്ടുള്ള ഉത്തരവാണ് സർക്കാരിൽ നിന്ന് ലഭ്യമായത്. തുടർന്ന് ടിയാൻ ബഹു. ഹൈക്കോടതി മുമ്പാകെ കേസ് ഫയൽ ചെയ്തെങ്കിലും പിന്നീട് സ്വമേധയാ പിൻവലിക്കുകയും ചെയ്തു.

ശ്രീ സാജൻ പീറ്റർ ടിയാന്റെ തടഞ്ഞ് വെച്ച ഇൻക്രിമെന്റ് പുനഃസ്ഥാപിച്ചു നൽകണമെന്ന് ആവശ്യപ്പെട്ട് കില ഡയറക്ടർ ജനറൽ മുമ്പാകെ അപേക്ഷ സമർപ്പിരിക്കുകയാണ്. വിദഗ്ധോപദേശ പ്രകാരം ആയത് സർക്കാർ തലത്തിൽ സാധ്യമാവില്ല എന്നതാണ്.

കഴിഞ്ഞ ഒമ്പത് മാസ കാലയളവിൽ ശ്രീ. സാജൻ പീറ്റർ ലൈബ്രറിയിൽ വളരെ നല്ല രീതിയിൽ കൃത്യനിഷ്ഠയോടെ ജോലി ചെയ്ത് വരുന്നതായി അസിസ്റ്റന്റ് ലൈബ്രേറിയൻ അറിയിച്ചിട്ടുണ്ട്.

2025 ജൂൺ മാസത്തിൽ ശ്രീ സാജൻ പീറ്ററിന്റെ സേവന കാലാവധി അവസാനിക്കുന്ന സാഹചര്യത്തിൽ ടിയാന്റെ തടഞ്ഞ് വെച്ച ഇൻക്രിമെന്റ് പരിഗണിക്കുന്നത് സംബന്ധിച്ച് കില എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുന്നു.

തീരുമാനം

ശ്രീ. സാജൻ പീറ്റർ, ലൈബ്രറി അറ്റൻഡന്റ് അച്ചടക്ക നടപടിയുടെ ഭാഗമായി രണ്ട് വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെ തടഞ്ഞുകൊണ്ടുള്ള ഡയറക്ടർ ജനറലിന്റെ നടപടി റദ്ദാക്കി ഇൻക്രിമെന്റ് പുനഃസ്ഥാപിച്ചു നൽകണമെന്ന അപേക്ഷ എക്സിക്യൂട്ടീവ് കമ്മിറ്റി വിശദമായി ചർച്ച ചെയ്തു. തടഞ്ഞ് വെച്ച ഇൻക്രിമെന്റ് പരിഗണിക്കുന്നത് സംബന്ധിച്ച് ശ്രീ. സാജൻ പീറ്റർ പുതിയ അപേക്ഷ സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റി നിർദ്ദേശിച്ചു. തുടർനടപടി കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മിറ്റി ചുമതലപ്പെടുത്തി

ഐറ്റം നമ്പർ – 15

കില കൊട്ടാരക്കര കേന്ദ്രത്തിൽ താൽക്കാലിക അടിസ്ഥാനത്തിൽ ടെക്നിക്കൽ കൺസൾട്ടന്റായി പ്രവർത്തിച്ചുവരുന്ന ശ്രീ.അജിത്ത് ആർ – ന്റെ സ്ഥിരനിയമനത്തിനായുള്ള അപേക്ഷ സംബന്ധിച്ച്

കില കൊട്ടാരക്കര കേന്ദ്രത്തിൽ താൽക്കാലിക അടിസ്ഥാനത്തിൽ ടെക്നിക്കൽ കൺസൾട്ടന്റ് (കില കോകില) – ആയി ശ്രീ.അജിത്ത്.ആർ 2018 മെയ് മുതൽ ജോലി ചെയ്യുവരുന്നു. പ്രസ്തുത ജോലിയിൽ നിന്നും ലഭിക്കുന്ന വരുമാന മാർഗ്ഗം മാത്രമാണ് ടിയാന്റെ കുടുംബത്തിന്റെ ഏക ആശ്രയം. സ്ഥാപനത്തിന്റെ മേന്മയ്ക്കായി ആത്മാർത്ഥമായി സേവനം അനുഷ്ഠിക്കുകയാണെന്നും ഏൽപ്പിക്കുന്ന എല്ലാ ജോലികളും സമയബന്ധിതമായും കൃത്യമായും നിർവ്വഹിക്കുന്നുണ്ടെന്നും നിലവിലുള്ള സേവന കാലാവധി പരിഗണിച്ച് ടിയാന്റെ നിയമനം സ്ഥിരപ്പെടുത്തി നൽകണമെന്നുള്ള അപേക്ഷയാണ് സമർപ്പിച്ചിട്ടുള്ളത്.

കിലയുടെ ഓൺലൈൻ മീറ്റിംഗുകളുടെ സംഘാടനത്തിനും TPMS, TMP, CPGRAM എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കാവശ്യമായ സാങ്കേതികസഹായം നൽകുകയും ഇൻസ്റ്റിട്യൂട്ടിലെ കംപ്യൂട്ടർ അധിഷ്ഠിതമായ പ്രവർത്തനങ്ങളിൽ സഹായിക്കുകയും ജീവനക്കാർക്ക് ഓൺലൈൻ രീതിയിൽ ഫയൽ പ്രോസ്സസ്സിങ്ങിന് ആവശ്യമായ സാങ്കേതികസഹായവും നൽകി വരുന്നുണ്ട്. ശ്രീ.അജിത്തിന് മറ്റൊരു ജോലിക്ക് ശ്രമിക്കുന്നതിനുള്ള പ്രായപരിധിയും കഴിഞ്ഞിരിക്കുകയാണ് എന്നും അറിയിച്ചിരിക്കുന്നു.

ശ്രീ. അജിത്ത് ജോലി ചെയ്യുന്ന Technical Consultant എന്ന പേരിൽ നിലവിൽ അംഗീകൃത തസ്തിക കിലയിൽ നിലവിലില്ല. കില സി.എച്ച്.ആർ.ഡി/ സി.എസ്.ഇ.ഡി ഓഫീസ് പ്രവർത്തനങ്ങളും പരീശീലനങ്ങളും കമ്പ്യൂട്ടറൈസ്ഡ് /ഇലക്ട്രോണിക് (ഓൺലൈൻ) സംവിധാനത്തിലൂടെ ആയതിനാൽ ടെക്നിക്കൽ കൺസൾട്ടന്റിന്റെ സേവനം ആവശ്യമാണ്. കിലയിൽ ശ്രീ. അജിത്തിനൊപ്പം ഇതേ രീതിയിൽ മുമ്പ് മുതൽ തന്നെ ജോലി ചെയ്യുവരുന്ന മറ്റ് രണ്ട് ജീവനക്കാർ കൂടി ഉണ്ട്. പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് സർക്കാർ അനുമതി ലഭ്യമാകേണ്ടതുണ്ട്.

മേൽ വിഷയം എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നു.

തീരുമാനം

മേൽ വിഷയം എക്സിക്യൂട്ടീവ് കമ്മറ്റി വിശദമായി ചർച്ച ചെയ്തു. സമാനമായ മറ്റ് അപേക്ഷകക്ഷക്കൊപ്പം ടി വിഷയം ഗവേണിംഗ് കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നതിന് തീരുമാനിച്ചു. തുടർനടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി.

ഐറ്റം നമ്പർ – 16

കേന്ദ്ര സർക്കാരിന്റെ RGSA പദ്ധതിയുടെ ഭാഗമായി കില കൊട്ടാരക്കര സിഎച്ച്ആർഡിയിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുവരുന്ന ശ്രീ.മുഹമ്മദ് ഷെമീറിന് സ്ഥിരം നിയമനം നല്കണമെന്ന അപേക്ഷ – സംബന്ധിച്ച്

കേന്ദ്ര സർക്കാരിന്റെ RGSA പദ്ധതിയുടെ ഭാഗമായി കില കൊട്ടാരക്കര സിഎച്ച്ആർഡിയിൽ താൽക്കാലികാടിസ്ഥാനത്തിൽ അക്കൌണ്ടന്റായി ജോലി ചെയ്യുവരുന്ന ശ്രീ.മുഹമ്മദ് ഷെമീറിന് സ്ഥിരം നിയമനം നൽകണമെന്നാണ് അപേക്ഷിച്ചിട്ടുള്ളത്.

മുൻ എസ്.ഐ.ആർ.ഡി കൊട്ടാരക്കരയിൽ 2015 ഏപ്രിൽ 13 മുതൽ RGSA പദ്ധതിയിൽ ക്ലറിക്കൽ അസിസ്റ്റന്റ് കം അക്കൗണ്ടന്റ് ആയി കരാർ വ്യവസ്ഥയിൽ ജോലിയിൽ പ്രവേശിച്ച് ഇപ്പോഴും തുടർന്ന് വരികയാണ്. ഇപ്പോൾ പ്രതിമാസം 25,000/- രൂപയാണ് മാസവേതനം.

കില കൊട്ടാരക്കര സെന്ററിൽ അക്കൗണ്ട്സ് സെക്ഷനും (A seat) പരിശീലന സെക്ഷനും (B Seat) കൈകാര്യം ചെയ്യുന്നതിന് ടിയാനെ ചുമതലപ്പെടുത്തിയിട്ടുള്ളതാണെന്നും എട്ട് വർഷത്തിലധികമായി കിലയിൽ ജോലി നിർവ്വഹിക്കുന്ന തനിക്ക് പ്രസ്തുത ജോലിയിൽ നിന്നും ലഭിക്കുന്ന വരുമാന മാർഗ്ഗം മാത്രമാണ് കുടുംബത്തിന്റെ ഏക ആശ്രയമെന്നും മാതാവ് കിഡ്നി, ഹൃദയ സംബന്ധമായ അസുഖങ്ങളാൽ ചികിൽസയിലാണെന്നും ഇപ്പോഴും താല്ക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നതിനാൽ മറ്റാനുകൂല്യങ്ങളൊന്നും തന്നെ ലഭിക്കുന്നില്ലായെന്നും അപേക്ഷയിൽ സൂചിപ്പിച്ചിട്ടുണ്ട്.

RGSA പ്രോജക്ടുമായി ബന്ധപ്പെട്ട് വിവിധ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിരവധി ജീവനക്കാർ–ഫാക്കൽറ്റി അംഗങ്ങൾ /തീമാറ്റിക് എക്സ്പെർട്ട് ഉൾപ്പെടെ– കിലയിൽ സേവനമനുഷ്ഠിച്ചു വരുന്നുണ്ട്.

ശ്രീ.മുഹമ്മദ് ഷമീറിന്റെ അപേക്ഷ എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നു.

തീരുമാനം

മേൽ വിഷയം എക്സിക്യൂട്ടീവ് കമ്മറ്റി വിശദമായി ചർച്ച ചെയ്തു. സമാനമായ മറ്റ് അപേക്ഷകക്ഷക്കൊപ്പം ടി വിഷയം ഗവേണിംഗ് കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നതിന് തീരുമാനിച്ചു. തുടർനടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി.

അഡീഷണൽ അജണ്ട

<u>അദ്ധ്യക്ഷൻ അനുവദിക്കുന്ന മറ്റ് വിഷയങ്ങൾ</u>

ഐറ്റം 1

സർക്കാരിൽ നിന്നും കിലക്ക് അനുവദിക്കുന്ന ധനസഹായം – സംബന്ധിച്ച്

കിലക്ക് 2022-23 സാമ്പത്തിക വർഷം ലഭ്യമാകേണ്ട തുകയും നടപ്പ് സാമ്പത്തിക വർഷം ലഭിക്കേണ്ട തുകയും 2023-24 സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പിൽ നിന്നും അനുവദിക്കുന്നതിനായി സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട് ആയതിന്റെ സംക്ഷിപ്തം ചുവടെച്ചേർക്കുന്നു.

ക്രമ നം	വിഷയം	തുക ലക്ഷത്തിൽ	Remarks (28/11/2023)
1	2022-23 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 376.35 ലക്ഷം രൂപ (2021-22)	376.35	File no. LGSD/IB2/186/2022 - നിലവിൽ ടി ഫയൽ Finance WCD section
2	2022 -23 സാമ്പത്തിക വർഷത്തെ പദ്ധതികൾക്ക് അനുവദിച്ച തുക- 2023-24 സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പിൽ നിന്നും 588.29 ലക്ഷം- റിലീസ് ചെയ്യുന്നത്	588.29	File no. LGSD/IB2/224/2022 നിലവിൽ ടി ഫയൽ Finance WCD
3	2022-23 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 200 ലക്ഷം രൂപ-2023-24 സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പിൽ നിന്നും- ലഭ്യമാക്കുന്നത് (2021-22)	200.00	File no. LGSD/IB2/103/2022- അടിയന്തിര ആവശ്യം വ്യക്തമാക്കികൊണ്ടും തുകയുടെ വിനിയോഗ്യ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടുകൊണ്ട് വീണ്ടും സർക്കാരിൽ നിന്ന് ലഭിച്ച കത്തിന് വീണ്ടും കിലയിൽ നിന്നും മറുപടി നൽകിയിട്ടുണ്ട്. നിലവിൽ ടി ഫയൽ Finance section.
5	2022-23 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 272.50 ലക്ഷം രൂപ-2023-24 സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പിൽ നിന്നും- ലഭ്യമാക്കുന്നത് (2021-22 & 2022-23)	272.50	File no. LGSD/IB2/64/2022- നിലവിൽ ടി ഫയൽ Finance WCD section
6	2515-00-003-99 – 36 (P) - 2022-23 സാമ്പത്തിക വർഷത്തിലെ പദ്ധതി - 300 ലക്ഷം രൂപയുള്ള ഭരണാനുമതി ലഭ്യമാക്കുന്നത്	300.00	LSGD IB2/85/2023 - 300 ലക്ഷം രൂപയിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച 216 ലക്ഷം രൂപ അടിയന്തിരമായി ലഭ്യമാക്കുന്നതിന് വേണ്ട നടപടി കൈകൊള്ളണമെന്ന കിലയുടെ അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ് .

ക്രമ നം	വിഷയം	തുക ലക്ഷത്തിൽ	Remarks (28/11/2023)
7	Grant in Aid (Non Plan) 2023-24 request	47.25	സർക്കാർ അനുവദിച്ച 23.62 ലക്ഷം രൂപ കിലക്ക് transfer credit ചെയ്യുന്നതിലേക്കായി LSGD Director (Rural) ന് അപേക്ഷ സമർപ്പിച്ചിരിക്കുന്നു
8	2023-24 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി ലഭിച്ച 3300 ലക്ഷം രൂപയിൽ നിന്നും ആദ്യ ഗഡു ലഭിക്കുന്നതിനുള്ള അപേക്ഷ	600	KILA -2022/4650/HQ- സർക്കാരിന്റെ പരിഗണനയിലാണ്. തുക അനുവദിച്ചിട്ടില്ല
	ആകെ ലഭിക്കുവാനുള്ള തുക	2384.39	

സർക്കാരിലേക്ക് നൽകിയ അപേക്ഷയുടെ വിശദാംശം എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുന്നു

തീരുമാനം

സർക്കാരിൽ നിന്നും കിലക്ക് അനുവദിക്കുന്ന ധനസഹായം ലഭ്യമാക്കുന്നത് സംബന്ധിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റി വിശദമായി ചർച്ച ചെയ്തു.

സർക്കാരിന്റെ പ്രവർത്തനമേഖലയുമായി ബന്ധപ്പെട്ട വിവിധ പദ്ധതികളുടെ നടത്തിപ്പിനാവശ്യമായ കാര്യശേഷി വികസന പരിശീലന പരിപാടികൾ വർഷാരംഭം മുതൽ തന്നെ കില നടപ്പിലാക്കി വരുന്നുണ്ട്. എന്നാൽ ധനസഹായം സമയബന്ധിതമായി കഴിഞ്ഞ സാമ്പത്തിക വർഷത്തിലും നടപ്പ് സാമ്പത്തിക വർഷത്തിലും ലഭിക്കാത്തതിനാൽ കില കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. പരിശീലനപരിപാടിയുമായി ബന്ധപ്പെട്ട ചെലവുകൾ അതാത് സമയം തീർപ്പാക്കേണ്ടതിനാൽ കിലയിൽ ലഭ്യമായ മറ്റ് ഫണ്ടുകളിൽ നിന്നും മുൻകൂർ എടുത്താണ് പരിശീലനപരിപാടികൾ നടപ്പിലാക്കുന്നത് എന്നതും കമ്മിറ്റി വിലയിരുത്തി.

ഈ സാഹചര്യത്തിൽ സർക്കാരിൽ നിന്ന് കാര്യശേഷി വികസനവുമായി ബന്ധപ്പെട്ട് ധനസഹായം അനുവദിക്കുന്ന ഉത്തരവിൽ തന്നെ ചെലവായ തുക റീഇംബേഴ്സ് ചെയ്ത് കിലയുടെ ബാങ്ക് അക്കൌണ്ടിലേക്ക് ലഭ്യമാക്കുന്നതിനുള്ള പരാമർശം ആവശ്യമാണെന്നും എക്സിക്യൂട്ടീവ് കമ്മിറ്റി വിലയിരുത്തി. ഇതിനായി ധനകാര്യ വകുപ്പിലേക്ക് പ്രത്യേക നിർദ്ദേശം സർക്കാരിൽ നിന്നും നൽകേണ്ടതുണ്ട് എന്നതിനാൽ ഈ വിഷയം കോർഡിനേഷൻ കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. തുടർനടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മിറ്റി ചുമതലപ്പെടുത്തി.

ഐറ്റം 2

കില ഡയറക്ടർ ജനറൽ തസ്തികയിലെ നിയമനം – സംബന്ധിച്ച്

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് (IMG) ഡയറക്ടർ, ഡയറക്ടർ കില എന്നീ രണ്ട് തസ്തികകളിലും IAS ഉദ്യോസ്ഥരെ നിയമിക്കണമെന്ന് കാണിച്ചുക്കൊണ്ട് ഒരു കേസ് സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ സമർപ്പിച്ചിട്ടുള്ളതായി അറിയാൻ കഴിഞ്ഞു

മേൽ വിഷയം എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നു.

തീരുമാനം

മേൽ വിഷയം കില എക്സിക്യൂട്ടീവ് കമ്മിറ്റി വിശദമായി ചർച്ച ചെയ്തു. ഇത് സംബന്ധിച്ച ഔദ്യോഗിക അറിയിപ്പ് ലഭിക്കുന്ന മുറക്ക് അനുയോജ്യമായ തുടർനടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മിറ്റി ചുമതലപ്പെടുത്തി. നടപടികൾ സ്വീകരിക്കുവാൻ

ഐറ്റം 3

കില - അഗളി സെന്ററിൽ ദിവസവേതനം/ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുവരുന്നവരെ സ്ഥിരപ്പെടുത്തുന്നത് - സംബന്ധിച്ച് -

കിലയിൽ നിലവിൽ ഒഴിവുള്ള അംഗീകൃത തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ തുടർച്ചയായി ജോലി ചെയ്യു വരുന്ന കില ഹെഡ് ക്വാട്ടേഴ്സിലേയും സി.എച്ച്.ആർ.ഡി-യിലേയും ജീവനക്കാർ സ്ഥിരപ്പെടുത്തുന്നതിനായി സമർപ്പിച്ച അപേക്ഷ 06/07/2023 തീയതിയിലെ എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിച്ചിരുന്നു. ആയതിൽ കില അഗളി സെന്ററിൽ ജോലി ചെയ്യുവരുന്ന രണ്ട് ജീവനക്കാരുടെ പേരുകൾ വിട്ടുപോയിരുന്നു. വിശദാംശം ചുവടെച്ചേർക്കുന്നു

#	Name	Date of Birth & Age	Date from which working in the Institute	Post on which engaged	No of year & month working	Working Place
	Clerical Support - 2 persons are engaged on Daily Wage basis against the sanctioned post					
1.	Suhas C	31/05/1986 37 years	01/11/2017	Assistant	6 Years	KILA CTDNRM, Agali
2.	Meena TR	25/05/1972 51 years	27/09/2017	Assistant	6 Years	KILA CTDNRM, Agali

മേൽ വിഷയം എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുന്നു.

കില അഗളി സെന്ററിൽ ദിവസവേതനം/ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുവരുന്ന ശ്രീ.സുഹാസ്.സി, ശ്രീമതി മീന.ടി.ആർ എന്നിവരെ അസിസ്റ്റന്റ് (II/I/Sr.Gr./Selection Grade) തസ്തികയിൽ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം എക്സിക്യൂട്ടീവ് കമ്മറ്റി വിശദമായി ചർച്ച ചെയ്തു. ടി വിഷയം ഗവേണിംഗ് കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു

ഐറ്റം 4

2023 ഏപ്രിൽ മുതൽ നവംബർ വരെ കില നടത്തിയ പ്രവർത്തനങ്ങൾ

2023 ഏപ്രിൽ മുതൽ നവംബർ വരെ കില നടത്തിയ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ട് എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുന്നു

മാലിന്യ മുക്തം നവകേരളം ക്യാമ്പയിൻ

മാലിന്യ മുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി നിരവധി പരിശീലന പരിപാടികൾ ഏപ്രിൽ ഒന്നു മുതൽ നടത്തുകയുണ്ടായി. 2023 ഏപ്രിൽ മുതൽ ഒക്ടോബർ വരെ വിവിധ ബാച്ചുകളിലായി 3200 പേർക്ക് പരിശീലനം നൽകുകയുണ്ടായി.

സെമിനാർ

തദ്ദേശസ്വയംഭരണവകുപ്പിന്റെ നേതൃത്വത്തിൽ ജനകീയാസൂത്രണത്തിന്റെ 25 വർഷങ്ങൾ എന്നതിന്റെ ഭാഗമായി തദ്ദേശസ്വയഭരണം കേരളത്തിൽ എന്ന വിഷയത്തിൽ തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ 2023 നവംബർ 4 ന സെമിനാർ നടത്തിയിരുന്നു. സെമിനാറിൽ നിരവധി പ്രമുഖർ സെഷനുകൾ കൈകാര്യം ചെയ്തു. സെമിനാറിൽ കേരളത്തിനകത്തു നിന്ന് 516 പേരും കേരളത്തിനു പുറത്ത് നിന്നും 240 പേരും കില വഴി പങ്കെടുത്തിരുന്നു. ഇരുപത്തിയഞ്ചോളം സംസ്ഥാനങ്ങളിൽ നിന്നുമായാണ് ഇവരെത്തിയത്. കൂടാതെ തദ്ദേശസ്വയംഭരണവകുപ്പിന്റെ നേരിട്ടുള്ള ക്ഷണിതാക്കളും സെമിനാറിൽ സന്നിഹിതരായിരുന്നു. സെമിനാർ വേദിയിൽ ജനകീയാസൂത്രണത്തിന്റെ 25 വർഷങ്ങൾ എന്നതിന്റെ ഭാഗമായി കില തയ്യാറാക്കിയ 25 പുസ്തകങ്ങൾ പ്രകാശനം ചെയ്തിരുന്നു. കൂടാതെ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയ ആയിരത്തിലധികം വീഡിയോകളുടെ സമാഹാരം കില തയ്യാറാക്കി QR കോഡുകളിലാക്കിയതിന്റെ സമാഹാരവും പ്രകാശനം ചെയ്തു. കിലയുടെ പുതിയ വാർത്താപത്രികയും പ്രസ്തുത സെമിനാറിൽ പ്രകാശനം ചെയ്തു. അന്നേ ദിവസം ഉച്ചക്ക് ശേഷം " Disaster and Climate action Intervention of Local Governments, Research Needs and Potential In Local Government" എന്നീ രണ്ടു വിഷയങ്ങളിൽ സാമന്തര സെഷനുകളും നടത്തുകയുണ്ടായി.

സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവത്കരണം

സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവത്കരണത്തിന്റെ ഭാഗമായി ഇതുവരെ 5 പരിശീലനങ്ങളും 19 ശില്പശാലകളും 2 പരിശീലക പരിശീലനങ്ങളും നടത്തി. ഇതിൽ 498 പേർ പരിശീലനങ്ങളിലും 1981 പേർ ശില്പശാലകളിലും 235 പേർ പരിശീലക പരിശീലനങ്ങളിലും ആയി പങ്കെടുത്തു. ആകെ 2714 പരിശീലനാർത്ഥികളാണ് പങ്കെടുത്തത്.

സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവത്കരണത്തിന്റെ ഭാഗമായി താഴെപ്പറയുന്ന 9 തീമുകളിൽ പരിശീലക പരിശീലനവും തുടർന്നു പരിശീലനങ്ങളും 2023 ഒക്ടോബർ, നവംബർ ഡിസംബർ മാസങ്ങളിലായി നടന്നു വരുന്നുണ്ട്.

- സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവത്കരണം-ശുചിത്വവും ഹരിതാഭവുമായ ഗ്രാമം
- സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവത്കരണം-സാമൂഹിക സുരക്ഷിത ഗ്രാമം
- സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവത്കരണം- ജലസമൃദ്ധമായ ഗ്രാമം
- സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവത്കരണം-ദാരിദ്ര്യ രഹിതവും ഉയർന്ന ഉപജീവന മാർഗ്ഗമുള്ളതുമായ ഗ്രാമം
- സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രദേശികവത്കരണം- ബാലസൗഹൃദ ഗ്രാമം,
- സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രദേശികവത്കരണം- സദ്ഭരണവും സ്വയം പര്യാപ്തവുമായ അടിസ്ഥാന സൗകര്യങ്ങളും
- സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രദേശികവത്കരണം- ആരോഗ്യ ഗ്രാമം
- സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രദേശികവത്കരണം- ഗുണമേന്മയുള്ള വിദ്യാഭ്യാസം
- സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രദേശികവത്കരണം - പ്രാദേശിക വികസനം ലിംഗ സമത്വ കാഴ്ചപ്പാടിൽ

വിവിധ പരിശീലനം/ശിൽപ്പശാല എന്നിവയുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

- National Workshop on Development of Human Resources in Panchayats
- National Workshop on ISO certification of Panchayats

- Regional Workshop on PDI
- കേസ് സ്റ്റഡീസിന്റെ ഡോക്യുമെന്റേഷൻ
- കാർഷിക സംയോജിത സുസ്ഥിര വികസനം – കാർഷിക പ്രമോഷൻ ടീമിനുള്ള പരിശീലനം
- കൈല– യുവശക്തി , തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ യുവജന പ്രതിനിധികൾക്കുള്ള പരിശീലനം
- "ഉന്നതി" സമഗ്ര വിദ്യാഭ്യാസ പരിപാടിയുടെ ആദ്യ പടി
- നീർത്തടാധിഷ്ഠിത വികസനം : പ്രാഥമിക പാഠങ്ങളും അനുഭവങ്ങളുടെ നേർക്കാഴ്ചകളും – ഗ്രാമ പഞ്ചായത്തുകൾക്കുള്ള പരിശീലനം
- കേരളത്തിലെ ബാലസൗഹൃദ തദ്ദേശ ഭരണത്തിന്റെശാക്തീകരണം കില – യുണിസെഫ് പദ്ധതി
- തദ്ദേശക ന്യൂസ് ചാനൽ
- സാരഥ്യം സാമൂഹിക വികസനത്തിന് – ഓൺലൈൻ പരിശീലനം
- വനാവകാശനിയമപ്രകാരമുള്ളസാമൂഹികഅവകാശങ്ങൾ ഗോത്ര വിഭാഗങ്ങളിലെ യുവജനങ്ങൾക്കായുള്ള സർട്ടിഫിക്കറ്റ്കോഴ്സ് (2 മാസം), ദിദ്വിന പരിശീലനം മുതലായവ.
- പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന– ബ്ലോക്ക് പഞ്ചായത്ത് ജനപ്രതിനിധകളും ഉദ്യോഗസ്ഥരും (ഏകദിന പരിശീലനം)
- വോട്ടർ പട്ടിക പുതുക്കൽ – ഇലക്ടൽ രജിസ്ട്രറേഷൻ ഓഫീസർമാർക്കുള്ള ഓൺലൈൻ പരിശീലനം
- **സാമൂഹികവനവകാശവുംപ്രാദേശികസാമ്പത്തികആസൂത്രണവും: ദിദ്വിന പരിശീലനം**
- ജെൻഡർറെസ്പോൺസീവ് ലോക്കൽ ഗവേണൻസ് പരിശീലക പരിശീലനം –രണ്ടാം ഘട്ടം, മൂന്നാം ഘട്ടം
- കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർമാർക്കുള്ള പരിശീലനം
- ജെന്റർ സ്റ്റാറ്റസ് സ്റ്റഡി
- ജെന്റർ സൗഹൃദ തദ്ദേശ ഭരണം –(കിലയും ലൈഫ് ഫൗണ്ടേഷനും സംയുക്തമായി)

- ഡിപ്ലോമ ഇൻ ജെൻഡർ ആന്റ് ലോക്കൽ ഗവേണൻസ്
- സുസ്ഥിര വികസന ലക്ഷ്യം -സ്ത്രീ സൗഹൃദ പഞ്ചായത്ത് – പരിശീലനം സംബന്ധിച്ച്
- സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവൽക്കരണം പട്ടാഴി വടക്കേക്കരഗ്രാമപഞ്ചായത്ത്
- PRI-കളുടെ തിരഞ്ഞെടുക്കപ്പെട്ട വനിതാ പ്രതിനിധികൾക്കായുള്ള കാര്യശേഷി വർദ്ധിപ്പിക്കൽ പരിപാടി (ദേശീയ വനിതാ കമ്മീഷന്റെ സ്പോൺസേർഡ് പ്രോഗ്രാം,
- മഹാത്മാഗാന്ധിദേശീയഗ്രാമീണതൊഴിലുറപ്പ്പദ്ധതി – കേരളം- ഗ്രാമപഞ്ചായത്ത്സെക്രട്ടറിമാർക്കും, അസിസ്റ്റന്റ് സെക്രട്ടറിമാർക്കുമുള്ള ദ്വിദിനപരിശീലനപരിപാടി.
- മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ സമഗ്ര നീർത്തട പരിപാലന പരിപാടി – സാങ്കേതിക വിദഗ്ദ്ധർക്കുള്ള അഞ്ച് ദിവസത്തെ പരിശീലനം:-
- സ്വച്ഛ് സർവേഷൻ
- LID&EW എഞ്ചിനീയർമാർക്ക്, ഓവർസിയർമാർക്കുള്ള പരിശീലനം, LSGD എഞ്ചിനീയർമാർക്കുള്ള പരിശീലനം ദ്രവ മാലിന്യ സംസ്കരണ പ്രത്യേക പരിശീലനം.
- ലോക്കൽ ഗവേണൻസ് ഇന്റർഫേസ്- സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് &ഡെവലപ്പ്മെന്റ് സ്റ്റഡീസ്, എം.ജി.യൂണിവേഴ്സിറ്റി
- ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം – ഐഡിയൽ കോളേജ്
- മാലിന്യ മുക്തം നവകേരളം – മാലിന്യ രഹിത തൃത്താല
- കാലാവസ്ഥാ വ്യതിയാനവും ദുരന്ത സാധ്യതയും – സൂചകങ്ങളും തന്ത്രങ്ങളും
- മാറ്റം – കെ.എസ്.ഡബ്ലിയു.എം.പി &കില പരിശീലനം
- KSWMP – PRICE പ്രോജക്ട് പ്രവർത്തകർക്കുള്ള സോഫ്റ്റ്വെയർ പരിശീലനം
- SSK – സംസ്ഥാന, ജില്ലാ തല എഞ്ചിനീയർമാർക്കുള്ള പരിശീലനം
- അമൃത് ധരോഹർ സ്കീമിന് കീഴിലുള്ള തണ്ണീർത്തട സംരക്ഷണവും ഉപജീവന പ്രോത്സാഹനവും
- ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസ് (IAS) ട്രെയിനികളുടെ എക്സ്പോഷർ വിസിറ്റ്
- കുടുംബശ്രീ സി.ഡി.എസ് അംഗങ്ങൾക്കുള്ള പരിശീലക പരിശീലനം

- ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾക്കുള്ള കമ്പ്യൂട്ടർ ഫണ്ടമെന്റൽസ് പരിശീലനം 2023 ജൂലയ് - ഒക്ടോബർ
- ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾക്കുള്ള കാര്യശേഷി വികസന പരിശീലനം 2023 ജൂൺ -ഒക്ടോബർ
- രജിസ്റ്റേഡ് ഫാർമസിസ്റ്റുകൾക്കുള്ള പഞ്ചദിന കാര്യശേഷി വികസന പരിശീലനം 2023 സെപ്തംബർ 13-17
- കേരള അർബൻ ഡയലോഗ്സ് സെമിനാർ 2023 മെയ് 17
- നോർക്കാ റൂട്ട്സ് ജീവനക്കാരുടെ കാര്യശേഷി വികസന പരിശീലനം 2023 മെയ് 13-14
- എം.കെ.എസ്.പി സ്കീം - ജനപ്രതിനിധികൾക്കുള്ള ഏകദിന പരിശീലനം 2023 ജൂൺ-ആഗസ്റ്റ്
- സമഗ്ര ആരോഗ്യ പദ്ധതി-എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് 2023 ജൂലായ് - ഒക്ടോബർ
- ഫീക്കൽ സ്ലഡ്ജ് മാനേജ്മെന്റ് &ഗ്രേ വാട്ടർ മാനേജ്മെന്റ് പരിശീലനം
- സംസ്ഥാന അമൃത് മിഷൻ ഉദ്യോഗസ്ഥർക്കുള്ള ഓറിയന്റേഷൻ പരിശീലനം 2023 ജൂൺ - ജൂലായ്
- പാലിയേറ്റീവ് ക്ലിനിക്ക് നഴ്സ്മാർക്കുള്ള പരിശീലനം 2023 ആഗസ്റ്റ് 12-13
- പുതുതായി സ്ഥാനകയറ്റം ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് അക്കൌണ്ടന്റ്മാർക്കുള്ള സോഫ്റ്റവെയർ പരിശീലനം 2023 സെപ്തംബർ-ഒക്ടോബർ
- തദ്ദേശ സ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥർക്കായി ECBC & ENS- ൽ പരിശീലന പരിപാടി (AWARENESS PROGRAM ON ECBC & ENS FOR LSGD OFFICIALS-TRAINING)
- KERALA MUNICIPAL ACT & RULES - Work shop
- KERALA URBAN DIALOGUES - Online
- URBAN GOVERNANCE: TRAINING FOR ELECTED MEMBERS AND OFFICIALS OF ULGS
- MAYOR'S SDG FELLOWSHIP PROGRAM - ORIENTATION FOR SELECTED CANDIDATES
- FUTURE-PROOFING THRISSUR: REGIONAL PLAN FOR THRISSUR DISTRICT
- WORKSHOP ON MODULE PREPARATION OF RISK INFORMED MASTER PLANS
- PREPARATION OF RISK INFORMED MASTER PLANS

- PREPARATION OF RIMP: TRAINING FOR ELECTED MEMBERS OF ULGS
- TRAINING FOR OFFICERS OF ACCOUNTS WING OF KOZHIKODE MUNICIPAL CORPORATION
- ISO CERTIFICATION OF OFFICE OF THE MUNICIPALITY, REVENUE OFFICES, BLOCK PANCHAYATH, DISTRICT PANCHAYATH, ALLIED INSTITUTION, FISHERIES DEPARTMENT, KILA-HQ
- REFRESHER TRAINING FOR DEVELOPMENT STANDING COMMITTEE IN URBAN LOCAL GOVERNMENTS
- EXPOSURE VISIT OF ELECTED MEMBERS & OFFICIALS ON GRAM PANCHAYATS IN JHARKHAND
- EXPOSURE VISIT OF DEPUTY DEVELOPMENT COMMISSIONERS FROM JHARKHAND
- സ്ഥാനകയറ്റം ലഭിച്ച ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് റസിഡൻഷ്യൽ പരിശീലനം
- ഒരു തദ്ദേശസ്ഥാപനം ഒരു ആശയം (one Local Government One Idea-OLOI)
- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ അക്കൗണ്ട്സ് വിഭാഗത്തിലെ ഉദ്യോഗസ്ഥർക്കുള്ള പരിശീലനം .
- ILGMS Vision 2- KSMART- ജില്ലാതല ശില്പശാല
- ഗ്രാമപഞ്ചായത്തുകളിലെ കേൾവിപരിമിതരായ ഉദ്യോഗസ്ഥർക്കുള്ള ILGMS Sign Language പരിശീലനം
- സിവിൽ രജിസ്ട്രേഷൻ - രജിസ്ട്രാർ, സബ് രജിസ്ട്രാർമാർക്കുള്ള ജില്ലാതല പരിശീലനം
- വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ - വിവിധ വകുപ്പുകളിലെ ഇന്റേണൽ വിജിലൻസ് ഉദ്യോഗസ്ഥർക്കുള്ള പരിശീലനം
- വസ്തു നികുതി പരിഷ്കരണം- ജില്ലാതല പരിശീലനം
- കാർഷിക സമഗ്ര സുസ്ഥിര വികസനം ഞങ്ങളും കൃഷിയിലേക്ക് - പരിശീലനം
- തദ്ദേശസ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥർക്കുള്ള പരിശീലനം - ക്ലർക്കുമാർക്കുള്ള കാര്യശേഷി വികസന പരിശീലനം
- തദ്ദേശ സ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള പരിശീലനം - KAS Officials Training

- ഗ്രാമപഞ്ചായത്തുകളിൽ സ്ഥലം മാറ്റി നിയമിതരായ അസിസ്റ്റൻറ് സെക്രട്ടറിമാർക്കുള്ള ദശദിന പരിശീലനം
- Exposure Visits

    1. Exposure visit of deputy development commissioners from Jharkhand
    2. Exposure visit of elected members & officials on gram panchayats in Jharkhand (3 Batch)
    3. Exposure visit of elected representatives and officials from Karnataka
    4. Exposure visit of officers of Odisha to Kerala for snakebite Management and Disaster risk reduction
    5. Learning visit of delegates from Jharkhand Legislative Assembly
    6. Village Attachment Programme for Assistant Section Officers (ASOs)
    7. Visit of Senior Officials and Elected Representatives from Utthar Pradesh to Kerala
    8. Visit of Senior Officials from Himachal Pradesh to Kerala

തീരുമാനം

1. 2023 ഏപ്രിൽ മുതൽ നവംബർ വരെ കില നടത്തിയ പ്രവർത്തനങ്ങൾ കില എക്സിക്യൂട്ടീവ് കമ്മിറ്റി വിശദമായി ചർച്ച ചെയ്ത് സംതൃപ്തി രേഖപ്പെടുത്തി.
2. നവകേരള സദസ്സിന്റെ ഭാഗമായി മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും കിലയിൽ 04.12.2023 ന് ഒത്ത് ചേരുന്നത് കിലയ്ക്ക് അഭിമാനകരമാണ് എന്ന് കമ്മിറ്റി വിലയിരുത്തുകയും ആവശ്യമായ ചെലവുകൾ വഹിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തുവാൻ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. തുടർനടപടികൾ കൈക്കൊള്ളുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റി ചുമതലപ്പെടുത്തി.
3. P for R മായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ റിപ്പോർട്ട് ചെയ്യുകയും ഈ വർഷത്തെ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടികൾ ത്വരിതപ്പെടുത്തുവാൻ കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മിറ്റി ചുമതലപ്പെടുത്തി.

യോഗം ഉച്ചക്ക് 12.30 മണിക്ക് അവസാനിച്ചു.

ചെയർപേഴ്സൺ, എക്സിക്യൂട്ടീവ് കമ്മിറ്റി